**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1150** **06.06.2018-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31.05.2018 തീയതി വരെ 2,67,205 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 30.04.2018 വരെ 55,359 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമപദ്ധതി പ്രകാരം ചികിത്സാസഹായം (25,000/- രൂപ) ടെർമിനൽ ബെനിഫിറ്റ് (10,000/- രൂപ മുതൽ 25,000/- രൂപ വരെ) വിദ്യാഭ്യാസ ആനുകൂല്യം (1000/- മുതൽ 3000/- വരെ), അപകടമരണ ധനസഹായം (50,000/-രൂപ) ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000/-രൂപ മുതൽ 15,000/- രൂപ വരെ) പ്രസവ ധനസഹായമായി മൂന്നുമാസത്തെ മിനിമം വേതനം തുടങ്ങി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിനുള്ളിൽ വച്ച് മരണമടയുന്ന ഇതര |

സംസ്ഥാന തൊഴിലാളികളുടെ ഭൗതികശരീരം വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി ഒരു ലക്ഷം രൂപ വീതമുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർക്ക് അനുവദിച്ച് തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുകയും ചെയ്തു. അപ്നാഘർ പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ളാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 44200 സ്ക്വയർ ഫീറ്റിൽ 640 പേർക്ക് എല്ലാവിധ സൗകര്യമുള്ള ഹോസ്റ്റലാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഈ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഏതൊക്കെ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(സി) തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ ഫെസിലിറ്റേഷൻ സെന്റർ മുഖേന നൽകി വരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായും തൊഴിലുടമാ പ്രതിനിധികൾ ട്രേഡ് യൂണിയൻ പ്രതിനിധികൾ, ആരോഗ്യവകുപ്പ്, പോലീസ്, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിയും രൂപീകരിക്കുന്ന ഒരു കമ്മിറ്റിക്കാണ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകളുടെ ചുമതല. ഹിന്ദി/ബംഗാളി ഭാഷകൾ നന്നായി എഴുതാനും വായിക്കുവാനും അതോടൊപ്പം മലയാളം

സംസാരിയ്ക്കുവാനും കഴിവുള്ളവരെ ഫെസിലിറ്റേഷൻ സെന്ററുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരായി നിയമിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ് ആരോഗ്യ, യാത്രാ സംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട ചുമതലയാണ് ഇവർക്കുള്ളത്. സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ ജോലിയ്ക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽ നിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ സഹായം നൽകേണ്ട ചുമതല കൂടി ഫെസിലിറ്റേഷൻ സെന്ററുകൾക്കാണ്. അപകടങ്ങൾ സംഭവിക്കുമ്പോൾ ഫെസിലിറ്റേഷൻ സെന്ററുകളിൽ വിളിച്ചറിയിക്കാനുള്ള സൗകര്യവും ഉണ്ട്. ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം വഴി ഇതരസംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കുവാനും ഇതരസംസ്ഥാന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുവാനും കഴിയും.

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 25191 | 1930 |
| 2 | കൊല്ലം | 15292 | 985 |
| 3 | പത്തനംതിട്ട | 13794 | 2295 |
| 4 | ആലപ്പുഴ | 19769 | 2264 |
| 5 | കോട്ടയം | 13125 | 4147 |
| 6 | ഇടുക്കി | 10716 | 1220 |
| 7 | എറണാകുളം | 52773 | 9574 |
| 8 | തൃശ്ശൂർ | 24568 | 3906 |
| 9 | പാലക്കാട് | 13876 | 3351 |
| 10 | മലപ്പുറം | 17779 | 2648 |
| 11 | കോഴിക്കോട് | 28685 | 5345 |
| 12 | വയനാട് | 6583 | 7181 |
| 13 | കണ്ണൂർ | 17571 | 6074 |
| 14 | കാസർഗോഡ് | 7483 | 4439 |
| | **ആകെ** | **267205** | **55359** |

സെക്ഷൻ ഓഫീസർ.